(ഡി) സ്കൂളുകളിൽ സ്പോർട്സിന്റേയും ഗെയിംസിന്റേയും ഉന്നമനത്തിനായി നിർബന്ധമായി ഇന്റോർ ഗെയിമുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; ഇതിന് നിർബന്ധമായി ഒരു പിരീഡ് മാറ്റി വെയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ കുട്ടികളെ തെരഞ്ഞെടുക്കുന്നുണ്ട്.

(ബി) ടേബിൾ ടെന്നീസിന് 19 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിൽ 2002-03-ൽ മൂന്നാം സ്ഥാനവും, 2003-04-ൽ രണ്ടാം സ്ഥാനവും, 2004-05-ൽ രണ്ടാം സ്ഥാനവും പതിനാല് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിൽ 2004-05-ൽ രണ്ടാം സ്ഥാനവും ലഭിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## 2001-02 കാലയളവിൽ വിദ്യാലയങ്ങളുടെ സമഗ്ര വികസനത്തിന് ഏർപ്പെടുത്തിയ പദ്ധതികൾ

25 [2242] ശ്രീ. കെ. രാധാകൃഷ്ണൻ:
" വി. ചെന്താമരാക്ഷൻ:
" ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ സൗകര്യങ്ങളും മാന്യമായ സാഹചര്യങ്ങളും ഒരുക്കുന്നതിനായി ഒരു സമഗ്ര സ്കൂൾ വികസനത്തിന് സർക്കാർ രൂപം നൽകി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആ പദ്ധതിയിൻകീഴിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവയിൽ എന്തെല്ലാം നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ?

(സി) ഈ പദ്ധതിയുടെ പ്രാഥമിക ചെലവുകൾക്കായി 2001-02 വർഷത്തെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു;

(ഡി) എന്തു തുക ഈ പദ്ധതിക്കായി 2001-02 വർഷം ചെലവഴിച്ചു;

(ഇ) പദ്ധതിയുടെ നടത്തിപ്പിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഓരോ വർഷവും എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ ആന്റ് ബി) സമഗ്ര സ്കൂൾ വികസന പദ്ധതി എന്ന പേരിൽ മാത്രമായി ഒരു പദ്ധതി നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിക്കുവേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി ആന്റ് ഇ) ബാധകമല്ല.

പുതുതായി അനുവദിച്ച അൺഎയിഡഡ് സ്കൂളുകൾ

26 [2243] ശ്രീ. എ. എ. അസീസ്:

„ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയിഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഇനിയും പുതുതായി അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽക്കാൻ ആലോചനയുണ്ടോ;

(സി) അംഗീകാരം നൽകിയ സ്കൂളുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 494 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പുതുതായി സ്കൂളുകൾക്ക് അംഗീകാരം നൽകാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

പ്ലസ്ടു അനുവദിച്ച സ്കൂളുകളിൽ പി.എസ്.സി. വഴി അദ്ധ്യാപക നിയമനം നടത്താൻ നടപടി

27 [2244] ശ്രീ. സി. ടി. അഹമ്മദ് അലി:

„ കളത്തിൽ അബ്ദുള്ള:

„ പി. കെ. അബ്ദുറബ്ബ്:

„ നാലകത്ത് സൂപ്പി:

„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 വർഷത്തിൽ പ്ലസ്ടു കോഴ്സ് അനുവദിച്ച 286 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഇപ്പോഴും ദിവസക്കൂലിയിൽ നിയമിച്ച അദ്ധ്യാപകരാണ് ക്ലാസുകൾ നടത്തുന്നത് എന്നതിനാൽ അത് വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ ബാധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly